പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4349 — 24.10.2016 ൽ മറുപടിയ്ക്ക്

## സപ്ലൈകോ ഉല്പന്നങ്ങളുടെ വില കുറയ്ക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.കൃഷ്ണൻ<br>ശ്രീ. എം. സ്വരാജ്<br>ശ്രീ. പി.വി. അൻവർ<br>ശ്രീ. കെ. ദാസൻ | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും<br>വകുപ്പ് മന്ത്രി) |
| (എ) മുൻ സർക്കാരിന്റെ കാലത്ത് നിന്നും വ്യത്യസ്തമായി ഈ ഓണക്കാലത്ത് പലവ്യഞ്ജനങ്ങളുടെ വില ഫലപ്രദമായി നിയന്ത്രിച്ചു നിർത്താൻ സാധിച്ചതിനു പിന്നിൽ സർക്കാരിന്റെ ഏതു തരത്തിലുള്ള ഇടപെടലുണ്ടായിരുന്നെന്ന് വ്യക്തമാക്കാമോ; | (എ) 2016 - ലെ ഓണം-ബക്രീദ് ഉത്സവകാലത്ത് 14 ജില്ലാ ഫെയറുകൾ, 75 താലൂക്ക് ഫെയറുകൾ, 71 ഓണം മാർക്കറ്റുകൾ എന്നിവ മുഖേന പച്ചക്കറികൾ ഉൾപ്പെടെയുള്ള അവശ്യ ഭക്ഷ്യവസ്തുക്കൾ ന്യായവിലയ്ക്ക് ലഭ്യമാക്കി മാവേലി സ്റ്റോറുകളില്ലാത്ത 32 പഞ്ചായത്തുകളിലെ 25 പഞ്ചായത്തുകളിലും ഓണച്ചന്തകൾ സംഘടിപ്പിച്ചു മാവേലി സ്റ്റോറുകളില്ലാത്ത മറ്റു '7' പഞ്ചായത്തുകളിൽ മൊബൈൽ മാവേലി സ്റ്റോറുകൾ വഴി ഓണക്കാലത്ത് അവശ്യസാധനങ്ങൾ ലഭ്യമാക്കി കൂടാതെ സപ്ലൈകോയുടെ എല്ലാ ചില്ലറ വിൽപ്പനശാലകളും ഓണക്കാലത്തെ ഉത്രാടം വരെയുള്ള അഞ്ചുദിവസം ഓണം മിനിഫെയറുകളായി പ്രവർത്തിച്ചു ഇപ്രകാരം സംസ്ഥാനത്തുടനീളം 1464 ഓണച്ചന്തകൾ പ്രവർത്തിച്ചു പൊതുവിപണിയിൽ 530/- രൂപ വിലവരുന്ന അവശ്യസാധനങ്ങളും ശബരി ഉൽപ്പന്നങ്ങളും അടങ്ങിയ കിറ്റ് 460/- രൂപയ്ക്ക് വിതരണം ചെയ്തിരുന്നു.<br><br>ഇത്തരത്തിൽ വിൽപ്പനശാലകൾ വഴിയും ഓണം പ്രത്യേക ചന്തകൾ വഴിയും വിപണിയിടപെടൽ നടത്തിയതുവഴി കൃത്രിമ ക്ഷാമം, കൃത്രിമ വിലക്കയറ്റം എന്നിവയ്ക്കുള്ള സാധ്യത ഇല്ലാതാക്കാൻ സപ്ലൈകോയ്ക്ക് കഴിഞ്ഞിട്ടുണ്ട്<br><br>കൂടാതെ ഈ ഓണക്കാലത്ത് 16.06 ലക്ഷം BPL കുടുംബങ്ങൾക്ക് 2 കിലോ മട്ട അരി, 200 ഗ്രാം മുളക്, 100 ഗ്രാം തേയില എന്നിവയടങ്ങിയ സൗജന്യ ഓണക്കിറ്റ് വിതരണം സപ്ലൈകോ വില്പനശാലകളിലൂടെ നടത്തിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ ഓരോ റേഷൻകാർഡിനും 1 കിലോ സ്പെഷ്യൽ പഞ്ചസാര വിതരണത്തിനുള്ള പഞ്ചസാര റേഷൻകടകളിൽ ലഭ്യമാക്കി, ഇവ കൂടാതെ പട്ടികവർഗ്ഗ |

കുടുംബങ്ങൾക്കുള്ള സൗജന്യ ഓണക്കിറ്റിനുള്ള സാധനങ്ങൾ സമയബന്ധിതമായി പട്ടികവർഗ്ഗ വികസന വകുപ്പിന് കൈമാറിയിട്ടുണ്ട്. സ്കൂൾ കുട്ടികൾക്കുള്ള 5 കിലോ അരിയുടെ വിതരണവും കാര്യക്ഷമമായി പൂർത്തിയാക്കി.

| | | | |
|---|---|---|---|
| (ബി) | മുൻ സർക്കാരിന്റെ കാലത്ത് സപ്ലൈകോ വിൽപനകേന്ദ്രങ്ങൾ വഴി സബ്സിഡിയോടെ നൽകിയിരുന്ന പലവ്യഞ്ജനങ്ങളുടെ വിലയിൽ എത്ര കണ്ട് വർദ്ധനവ് വരുത്തിയെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; സബ്സിഡിയോടെ നൽകുന്ന പലവ്യഞ്ജനങ്ങളുടെ വില വർദ്ധിപ്പിക്കുന്ന കാര്യത്തിൽ ഈ സർക്കാരിന്റെ നിലപാട് അറിയിക്കുമോ; | (ബി) | വില വ്യത്യാസത്തിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.<br><br>നിലവിലെ സർക്കാരിന്റെ നയപ്രഖ്യാപന പ്രസംഗത്തിൽ ചെറുപയർ, ഉഴുന്ന് ബോൾ, വൻകടല, വൻപയർ, തുവരപരിപ്പ്, മുളക്, മല്ലി, പഞ്ചസാര, പച്ചരി, കുറുവ അരി, മട്ട അരി, ജയ അരി, വെളിച്ചെണ്ണ തുടങ്ങിയ 13 ഇനം അവശ്യ ഭക്ഷ്യവസ്തുക്കളുടെ വില വർദ്ധിപ്പിക്കില്ല എന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. |
| (സി) | സർക്കാരിന്റെ വിപണിയിലെ ഇടപെടലിന്റെ ഭാഗമായി പല അവശ്യ വ്യഞ്ജനങ്ങളുടെയും വില പൊതു മാർക്കറ്റിൽ സപ്ലൈകോ വിലയുടെ തുല്യമായ സ്ഥിതിക്ക് സപ്ലൈകോ വഴി നൽകുന്ന ഉല്പന്നങ്ങളുടെ വില കുറയ്ക്കാൻ തയ്യാറാകുമോ ? | (സി) | ചെറുപയറിന്റെ പൊതുവിപണിവില കുറഞ്ഞതിന്റെ അടിസ്ഥാനത്തിൽ നിലവിലെ സബ്സിഡി വിലയായ 74/- രൂപയിൽ നിന്ന് 8/- രൂപ കുറച്ച് 66/- രൂപയ്ക്കാണ് വിൽപ്പന നടത്തുന്നത്. മറ്റ് അവശ്യഭക്ഷ്യ വസ്തുക്കൾ പൊതുവിപണിവിലയിൽ നിന്നും 50% വരെ വിലകുറച്ചാണ് സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നമ്പർ | ഇനം | 2011 മെയ് മാസത്തിൽ ഉണ്ടായിരുന്ന സബ്സിഡി വില | 2016 മെയ് മാസത്തിൽ ഉള്ള സബ്സിഡി വില | വർദ്ധനവ് ശതമാനത്തിൽ | നിലവിലെ സബ്സിഡി വില |
|---|---|---|---|---|---|
| 1 | ചെറുപയർ | - | 74.00 | - | 66.00 |
| 2 | ഉഴുന്ന് ബോൾ | 36.00 | 66.00 | 83.33% | 66.00 |
| 3 | വൻകടല | - | 43.00 | - | 43.00 |
| 4 | വൻപയർ | 26.50 | 45.00 | 69.81% | 45.00 |
| 5 | തുവരപരിപ്പ് | 34.00 | 65.00 | 91.18% | 65.00 |
| 6 | മുളക് | 45.00 | 75.00 | 66.67% | 75.00 |
| 7 | മല്ലി | 66.00 | 92.00 | 51.52% | 92.00 |
| 8 | പഞ്ചസാര | 25.00 | 22.00 | **- 12 %** | 22.00 |
| 9 | പച്ചരി | 16.00 | 23.00 | 43.75% | 23.00 |
| 10 | കുറുവ അരി | - | 25.00 | - | 25.00 |
| 11 | മട്ട അരി | 16.00 | 24.00 | 50 % | 24.00 |
| 12 | ജയ അരി | - | 25.00 | - | 25.00 |
| 13 | വെളിച്ചെണ്ണ | - | 88.00 | - | 90.00 |

സെക്ഷൻ ഓഫീസർ